# അന്ത തിരുടൻ നാൻ അല്ലയേ സർ*

**ഷാജി സുകുമാർ**
(മെക്കാനിക്കൽ)

*ദക്ഷിണേന്ത്യൻ ടൂറിനിടെ രണ്ടു പേരുടെ കളിത്തോക്ക് മോഷ്ടിച്ചതിന് പോലീസ് പിടിയിലായ സൈമങ്കുഞ്ഞിന്റെയും കൂട്ടകരുടേയും കഥയാണ് ചുവടെ.*

ഈ സംഭവം ഞങ്ങൾ ആറാം സെമസ്റ്ററിൽ പഠിക്കുമ്പോൾ സംഭവിച്ചതാണ്. എഡ്യൂക്കേഷണൽ ടൂറിനിടയിൽ, എഡ്യൂക്കേഷൻ വളരെ വിരളമായി മാത്രം സംഭവിക്കുന്ന ഒരു കാര്യമാണ്.

എഡ്യൂക്കേഷനു പുറത്തുള്ള പതിവു പരിപാടികളുമായി ഞങ്ങളുടെ ദക്ഷിണേന്ത്യൻ ടൂർ പുരോഗമിക്കുന്ന സമയം. കെ.എം.ചാക്കോ, ബാലചന്ദ്രൻ എന്നീ യുവ അദ്ധ്യാപകരാണ് നാല്പതോളം വരുന്ന ഞങ്ങളുടെ സംഘത്തെ നയിച്ചിരുന്നത്. ഗ്രൂപ്പിന്റെ ചെയ്തികൾ, മൂലമുള്ള തലവേദന കൊണ്ടാണെന്നു തോന്നുന്നു, ബാലചന്ദ്രൻ സാർ കാലത്തു തന്നെ ഗ്രൂപ്പിൽ നിന്നു വേർപെട്ട് തന്റേതായ രഹസ്യ ലോകത്തേക്ക് നിഷ്ക്രമിക്കുക പതിവായിരുന്നു. എല്ലാ ഭാരങ്ങളും ഒറ്റക്കു പേറാൻ വിധിക്കപ്പെട്ട പാവം ചാക്കോ സാർ വല്ല വിധേനയും ഞങ്ങളെ നയിച്ചു പോന്നു.

യാത്രാസംഘം കൊല്ലത്തു നിന്നും പുറപ്പെട്ട് പല സാഹസങ്ങളും കാട്ടിക്കൂട്ടി, തൃശ്ശിനാപ്പള്ളി, മദിരാശി, ഹൈദ്രാബാദ്, ബാംഗ്ളൂർ എന്നീ നഗരങ്ങളിൽ സന്ദർശിച്ച് മൈസൂരിലെത്തുന്നതോടെയാണ് കഥയാരംഭിക്കുന്നത്.

ചരിത്രപ്രസിദ്ധമായ മൈസൂർ കൊട്ടാരം സന്ദർശിച്ച ശേഷം സംഘം ഒരു ബസ്സിൽ ശ്രീരംഗപട്ടണം, ചാമുണ്ഡി ഹിൽ തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്ര തിരിച്ചു. ടിപ്പുവിന്റെയും ഹൈദരാലിയുടേയും കബർ, നന്ദികേശന്റെ കൂറ്റൻ പ്രതിമ തുടങ്ങിയവയൊക്കെ കണ്ടുകണ്ട് സംഘം ശ്രീരംഗപണത്തുള്ള ക്ഷേത്ര കവാടത്തിൽ എത്തി. ഒരു ചെറുസംഘം കൗതുക വസ്തുക്കൾ വിൽക്കുന്ന ഒരു കടയുടെ മുമ്പിൽ കൂടി. കൂട്ടത്തിൽ സുമുഖനായ ദേവാനന്ദിനോട് വിൽപ്പനക്കാരിയായ കന്നട യുവതിക്ക് ഒരല്പം ശ്രിംഗാരം. കണ്ണുകൾ തമ്മിൽ കഥ പറയുന്നതിനിടെ (അതിനു ഭാഷ വ്യത്യാസം പ്രശനമല്ലല്ലോ) ദേവാനന്ദിന്റെ കരങ്ങൾ മറ്റൊരു പ്രവർത്തി ചെയ്യുകയായിരുന്നു. കടയിലിരുന്ന ഒരു കളിത്തോക്ക് അദ്ദേഹമെടുത്ത് ചാക്കോയ്ക്കു കൈമാറി (ചപ്പാത്തി പ്രിയനായ ചാക്കോ ചപ്പാത്തി ചാക്കോ എന്നാണ് അറിയപ്പെട്ടിരിന്നത്.) പലകൈമറിഞ്ഞ് തോക്കെത്തിച്ചേർന്നത് ബസ്സിനുള്ളിലിരുന്ന ജോസി (കൈയ്യിലിരുപ്പിന്റെ മെച്ചം കാരണം ജോസ് അറിയപ്പെട്ടിരുന്നത് തറ എന്നാണ്)ന്റെ കൈയ്യിലാണ്.

കഥപാത്രങ്ങളറിയാതെ സംഭവങ്ങൾ ഒരാൾ സസൂക്ഷ്മം വീക്ഷിക്കുന്നുണ്ടായിരുന്നു; മറ്റൊരു വഴിവാണിഭക്കാരൻ. മൂപ്പർ സംഗതി പ്രശ്നമാക്കി. യുവതി ഉൾപ്പെടെയുള്ള വാണിഭക്കാർ സംഘടിച്ചു. ഇതിനിടെ ദേവാനന്ദും ചാക്കോയും സംഭവസ്ഥലത്തു നിന്നും മുങ്ങി. പിടിവീണത് നിരപരാധിയായ സൈമങ്കുഞ്ഞിന്റെ കഴുത്തിൽ. ശ്യാംലാലിന്റെ (നീട്ടി വളർത്തിയ താടിയും, മുടിയും, സ്ഥൂലശരീരം, അരയടി മുന്നിൽ കയറി നടക്കുന്ന വയറ് ഇവയ്ക്കെല്ലാം യോജിക്കും വിധം ഞങ്ങളദ്ദേഹത്തെ പൂതം എന്നു വിളിച്ചു പോന്നു). നേതൃത്വത്തിൽ മറ്റൊരു സംഘം രംഗത്തെത്തിയപ്പോൾ കാണുന്നത് സൈമങ്കുഞ്ഞ് ഒരു ആജാനബാഹുവിന്റെ കരങ്ങളിലകപ്പെട്ട് അന്തരീക്ഷത്തിൽ നില്ക്കുന്നതാണ്. അവിടെ ഭാഷ പ്രശ്നമായി. മലാംപാഷ യുണ്ടോ കന്നടക്കാരനു മനസ്സിലാക്കുന്നു. കന്നടക്കാരന്റെ ബലിഷ്ടമായ കരങ്ങളിൽ അകപ്പെട്ടു കിടക്കുന്ന സൈമങ്കുഞ്ഞിന്റെ കണ്ഠനാളത്തിൽ നിന്നും നേരിയ ശബ്ദത്തിൽ ഏതാനും ഇംഗ്ളീഷ് പദങ്ങൾ പുറത്തുവരുന്നുണ്ടായിരുന്നു 'I am not the person, I am not the person'*

പൂതവും സംഘവും ഇടപെട്ടതോടെ സൈമങ്കുഞ്ഞ് മോചിതനായി. അദ്ദേഹത്തിന്റെ കാലുകൾ ഭൂമിയിൽ തൊട്ടു. ഇതിനിടെ രണ്ടു പോലീസുകാരും സ്ഥലത്തെത്തി. തൊണ്ടി മുതൽ ബസ്സിലെത്തിയെന്നു സാക്ഷി മൊഴി. സംഘമൊന്നായി ബസ്സിനു നേരെ നീങ്ങി. സംഭവമൊന്നുമറിയാതിരുന്ന ജോസ് തോക്കിന്റെ സാങ്കേതികത ഉറപ്പുവരുത്താനായി സംഘത്തിനു നേരെ തന്നെ വെച്ചു വെടി... ഫലം, ജോസും പ്രതിലിസ്റ്റിലേക്ക്.

പ്രശ്നം ലോക്കൽ പോലീസ് സ്റ്റേഷനിലേക്ക് സബ് ഇൻസ്പെക്ടറും ചാക്കോ സാറും ടൂർ കൺവീനർ ലവൻജിയും തമ്മിലുള്ള ഒത്തു തീർപ്പു വ്യവസ്ഥയനുസരിച്ച് പ്രതികൾ മോചിതരായി, പിഴയായി

രൂപാ ഇരുനൂറ് യുവതിക്കു നല്കിയ ശേഷം. കണക്കുകളിൽ കണിശ്ശക്കാരനായ ലവൻജി പിന്നീടുള്ള ദിവസങ്ങളിൽ പ്രതികളുടെ ദിനബത്തയിൽ നിന്നും ടി തുക തിരികെ പിടിക്കുകയും ചെയ്തു. ദക്ഷിണേന്ത്യൻ ടൂറിന്റെ ഓർമ്മക്കായി കളിത്തോക്കിനെ ഞങ്ങൾ കുറേക്കാലം ക്ളാസ്സിൽ സൂക്ഷിച്ചിരുന്നു.

ജീവിതത്തിന്റെ യാദൃശ്ചികത, കഥയിലെ നായകനായ സൈമങ്കുഞ്ഞിനെ വായുസേനയിൽ രാജ്യരക്ഷക്കായി യഥാർത്ഥ തോക്കേന്തുന്ന സൈനിക ഓഫീസറാക്കി. മിടുക്കനും ബുദ്ധിമാനുമെങ്കിലും സ്വതേ മടിയനായ പൂതം എഞ്ചിനീയറിംഗ് കോളേജ് പ്രൊഫസർ. ദേവാനന്ദ് HMT ഉദ്യോഗസ്ഥൻ. എല്ലാ കാര്യങ്ങളിലും കൃത്യ നിഷ്ഠ പാലിച്ചിരുന്ന ലവൻജി പ്രവേശന പരീക്ഷാ കൺട്രോളർ ഓഫീസിൽ കമ്പ്യൂട്ടർ വിഭാഗം മേധാവിയായി. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഇലക്കൂട്ടുകളും മറ്റുമരച്ച് മഷിയുണ്ടാക്കി സഹപാഠികളുടെ ഇടയിൽ വിപണനം നടത്തിയിരുന്ന ചാക്കോച്ചൻ ഇപ്പോൾ കൊച്ചി നഗരത്തിൽ വിവിധ ബിസ്സിനസ്സ് സ്ഥാപനങ്ങളുടെ തലവൻ. തറ ഭൂഗോളത്തിന്റെ ഏതു ദിക്കിലാണെന്നതിനെപ്പറ്റി ഇപ്പോൾ വിവരമൊന്നുമില്ല.

**********